# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*


No.13/PR/PIC/PHQ/18    Date : 29.01.2018

## പത്രക്കുറിപ്പ്

സമീപകാലത്ത് ഫേസ്ബുക്ക്, വാട്സാപ്പ് തുടങ്ങിയ നവമാധ്യമങ്ങൾവഴി ബന്ധം സ്ഥാപിച്ച് വ്യക്തിഗത വിവരങ്ങൾ മനസ്സിലാക്കിയശേഷം നടത്തുന്ന തട്ടിപ്പുകൾക്കെതിരെ ജാഗ്രതപുലർത്തണമെന്ന് സൈബർ ക്രൈം പോലീസ് അറിയിച്ചു. വിദേശരാജ്യത്ത് താമസിക്കുന്ന തങ്ങൾ അനന്തരാവകാശികളില്ലാത്തവരാണെന്നും, അനധികൃതമായി പണം സൂക്ഷിക്കുന്നവരാണെന്നും അല്ലെങ്കിൽ സ്നേഹസൂചകമായി സമ്മാനങ്ങളും ഗിഫ്റ്റ് വൗച്ചറുകളും അയയ്ക്കുകയാണെന്ന് വ്യാജമായി ധരിപ്പിച്ചാണ് തട്ടിപ്പുകൾ നടത്തുന്നത്. ഇത്തരം സന്ദേശങ്ങൾ അയച്ചശേഷം സന്ദേശത്തിൽ പറയുന്ന സാധനങ്ങൾ ഡൽഹിയിൽ എത്തിയിട്ടുണ്ടെന്നും അതിലേയ്ക്ക് റിസർവ്വ് ബാങ്ക് ഉദ്യോഗസ്ഥരാണെന്നോ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരാണെന്നോ ഫോൺ ചെയ്ത് ധരിപ്പിച്ച് പ്രസ്തുത സമ്മാനങ്ങൾ അനധികൃതമായി വൻകുകയുടെ വിദേശ കറൻസിയുണ്ടെന്നും ആയതിനാൽ ആ തുകയ്ക്ക് പെനാലിറ്റി/സർചാർജ്ജ് ആയി അവർ പറയുന്ന അക്കൗണ്ടിൽ പണം നിക്ഷേപിക്കണമെന്ന് കാണിച്ചുള്ള പണം തട്ടിപ്പാണ് ഇതിൽ പ്രധാനം. അനധികൃതമായി ഇന്ത്യൽ തങ്ങിവരുന്ന നൈജീരിയ തുടങ്ങിയ രാജ്യങ്ങളിലെ പൗരന്മാർ വടക്കേ ഇന്ത്യയിലുള്ള കുറ്റവാളികളുമായി ചേർന്ന് വ്യാജ അഡ്രസ്സിൽ ബാങ്ക് അക്കൗണ്ടുകൾ തുറന്ന് അതുവഴി പണം തട്ടിയെടുക്കുകയാണ് ചെയ്യുന്നതെന്നാണ് അന്വേഷണത്തിൽ മനസ്സിലാക്കുന്നത്. അതുപോലെയാണ് എ ടി എം വഴിയുള്ള തട്ടിപ്പുകളും. അധികം ശ്രദ്ധിക്കപ്പെടാത്ത വിജനമായ സ്ഥലങ്ങളിലെ എ ടി എം പിൻവലിക്കുന്നമ്പോൾ എ ടി എം മെഷീന് സമീപത്തായി എ ടി എം കാർഡിലെ വിവരങ്ങൾ ചോർത്തുവാൻ ഉപയോഗിക്കുന്ന സ്ക്കിമ്മർ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ലായെന്ന് ഉറപ്പുവരുത്തണം. എ ടി എം കാർഡുകളുടെ തൽസമയമുള്ള പതിപ്പുകൾ (clone) ചെയ്ത് ഉണ്ടാക്കിയശേഷം പണം സംസ്ഥാനത്തിന്റെ പുറത്ത് പലസ്ഥലങ്ങളിൽ നിന്നും പിൻവലിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്കിൽ നിന്ന് ഉപഭോക്താക്കളെ വിളിച്ച് ഒരു കാരണവശാലും അക്കൗണ്ട് നമ്പരും എ ടി എം കാർഡ് നമ്പരും പിൻ നമ്പരും ആവശ്യപ്പെടാറില്ല. എന്നാൽ ബാങ്ക് ഉദ്യോഗസ്ഥൻ എന്ന വ്യാജേന ഉപഭോക്താക്കളെ വിളിച്ച് പിൻനമ്പരും 'വൺടൈം പാസ്വേർഡും' (OTP) വാങ്ങിയുള്ള തട്ടിപ്പും സമീപകാലങ്ങളിൽ അരങ്ങേറിവരുന്നുണ്ട്. ഇവയ്ക്കെതിരായി ധാരാളം മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ടെങ്കിലും ഇപ്പോഴും നിരവധി പരാതികൾ ലഭിക്കുന്നുണ്ട്. ആയതിനാൽ ഇക്കാര്യങ്ങളിൽ പൊതുജനങ്ങളുടെ ഭാഗത്തുനിന്നും ജാഗ്രത പുലർത്തണമെന്ന് സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് എം ഇക്ബാൽ അറിയിച്ചു.

***********